**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6366** **10-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ പ്രൊഫഷണൽ കോഴ്സിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് ഉൾപ്പെടെ ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, എക്സാം ഫീ, ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവ അപേക്ഷ ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ 09/06/2014-ലെ സ.ഉ.(എം.എസ്) നം.47/2014/മ.ഉ.വ ഉത്തരവ് പ്രകാരം നൽകി വരുന്നുണ്ട്. കൂടാതെ മെഡിക്കൽ എൻട്രൻസ് പരിശീലനം, എൻ.ഐ.ടി/ ഐ.ഐ.ടി എൻട്രൻസ് പരിശീലനം, സിവിൽ സർവീസ് പരിശീലനം എന്നിവയും വിദ്യാതീരം പദ്ധതി മുഖേന നൽകി വരുന്നു. |
| (ബി) | 2016 മുതൽ പ്രൊഫഷണൽ കോഴ്സ് പഠനത്തിന് എത്ര കുട്ടികൾക്കാണ് സഹായ ധനം നൽകിയിട്ടുള്ളതെന്നും, എത്ര രൂപയാണ് ഇതേ വരെ ഇതിനായി ചെലവഴിച്ചതെന്നും, ഈ സഹായം മൂലം കോഴ്സുകൾ പാസ്സായവരുടെ വിശദാംശവും ലഭ്യമാക്കാമോ; | (ബി) | 2016 വർഷം മുതൽ പ്രൊഫഷണൽ കോഴ്സ് പഠനത്തിനായി 14,532 കുട്ടികൾക്ക് 99,68,43,043/- രൂപ നാളിതുവരെയായി ചെലവഴിച്ചിട്ടുണ്ട്. കോഴ്സുകൾ പാസായവരുടെ വിശദാംശം ശേഖരിച്ചുവരുന്നു. |
| (സി) | പ്രസ്തുത സഹായം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിൽ പെന്റിംഗ് ഉണ്ടെന്നും എങ്കിൽ എത്ര അപേക്ഷകർക്കാണ് ഇനിയും സഹായം ലഭ്യമാക്കാനുള്ളതെന്നും ഇത് വൈകുന്നതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് ഈ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (സി) | ഇ-ഗ്രാന്റ്സ് സോഫ്റ്റ് വെയറിലെ കണക്കു പ്രകാരം നിലവിൽ 2263 വിദ്യാർത്ഥികൾക്കായി 17,50,75,536/- രൂപ പ്രൊഫഷണൽ കോഴ്സ് പഠനത്തിന് ധനസഹായം അനുവദിക്കാൻ ശേഷിക്കുന്നുണ്ട്. വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന ശീർഷകമായ 2405-00-121-97 NV നോൺ പ്ലാൻ ശീർഷകത്തിന്റെ സീലിംഗ് പരിധി 20.31% ആയി ഉയർത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ